ഉത്തരം

(എ) കേരള സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കന്ററി പാസ്സായ തൊഴിലില്ലാത്ത യുവതീയുവാക്കൾക്കായി തൊഴിൽ വൈദഗ്ധ്യത്തിനുള്ള വിവിധ പരിശീലന പദ്ധതികൾ നടത്തിവരുന്നു. വി.എച്ച്.എസ്.ഇ.-ക്കാർക്കു വേണ്ടിയുള്ള പ്രത്യേകമായ വൊക്കേഷണൽ പരിശീലന പരിപാടികളും പ്രതിമാസം നിശ്ചിത തുക സ്റ്റൈപ്പന്റായി നൽകിയുള്ള 1-2 വർഷം വരെ ദൈർഘ്യമുള്ള സ്റ്റൈപ്പന്ററി പരിശീലന പരിപാടികളും സർവ്വകലാശാല മുഖാന്തിരം നടത്തിവരുന്നു.

(ബി) വി.എച്ച്.എസ്.ഇ.-ക്കാർക്ക് വേണ്ടി ആവിഷ്കരിച്ച 2009-2010-ൽ നടപ്പിലാക്കിയ സ്റ്റൈപ്പന്ററി വൊക്കേഷണൽ പരിശീലന പരിപാടികളുടെ സംക്ഷിപ്ത വിവരണം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ വർഷം 36 പേർക്ക് സ്റ്റൈപ്പന്ററി പരിശീലന പരിപാടികളിലും വിവിധ വൊക്കേഷണൽ, പ്രായോജക പരിശീലന പദ്ധതികളിലായി ആവശ്യമനുസരിച്ച് 100-ൽ അധികം പേർക്ക് തൊഴിൽ പരിശീലനം നൽകാൻ സാധിക്കും.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം തൊഴിൽ പരിശീലനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടില്ല.

പുഞ്ചക്കൃഷിക്ക് എൻ.എസ്.സി. വിതരണം ചെയ്ത നെൽവിത്തുകളുടെ ഗുണമേന്മ

222 (4296) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഞ്ചക്കൃഷിക്ക് എൻ.എസ്.സി. വിതരണം ചെയ്ത ഉമ/ഡി.1 നെൽവിത്തുകളുടെ ഗുണമേന്മ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബീജാങ്കുരണ ശക്തി കുറവുള്ള നെൽവിത്തുകൾക്ക് പകരം ഗുണമേന്മയുള്ള നെൽവിത്തുകൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത നെൽവിത്ത് ഉപയോഗിച്ചതുമൂലം നഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കഴിഞ്ഞ പുഞ്ച കൃഷിയിൽ എൻ.എസ്.സി. വിതരണം ചെയ്ത ഉമ നെൽവിത്തിനെ സംബന്ധിച്ച് ഒരു പരാതി ലഭിച്ചിരുന്നു. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരന് എൻ.എസ്.സി. വിത്ത് പകരം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly